ഭരണഭാഷ-മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
ഹയർസെക്കൻററി വിഭാഗം,
ന്യൂ ബിൽഡിംഗ്സ്,
ഉള്ളൂർ ലെയിൻ,ജഗതി
ഫോൺ: 0471-2580737
മെയിൽ-cgacdhse@gmail.com

സി.ജി.എ.സി-3/13336/2024/എച്ച്.എസ്.ഇ തീയതി: 30-07-2024

## സർക്കുലർ

വിഷയം: സി.ജി & എ.സി - സംസ്ഥാനത്തെ ഹയർ സെക്കൻററി സ്കൂളുകളിൽ കരിയർ ദിനാഘോഷം സംഘടിപ്പിക്കുന്നത്- നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന : G.O.(Rt)No.4395/2024/GEDN Dated 12-07-2024

എല്ലാവർഷവും ആഗസ്റ്റ് ഒന്നാം തീയതി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും കരിയർ ഡേ ആയി ആഘോഷിക്കുന്നു.

2024 ആഗസ്റ്റ് ഒന്നാം തീയതി കരിയർ ദിനാഘോഷത്തിൻറ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻററി വിദ്യാലയങ്ങളിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് കരിയർ ഗോൾ സെറ്റിംഗ് എന്ന വിഷയത്തിൽ ആ സ്കൂളുകളിൽ കരിയർ ഗൈഡ് ആയി പ്രവർത്തിക്കുന്ന അദ്ധ്യാപകർ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ക്ലാസ് നൽകേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ആ ദിവസം ക്ലാസ് നടത്താൻ കഴിയാത്ത പക്ഷം ഏറ്റവും അടുത്ത ദിവസം തന്നെ ക്ലാസ് നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഹയർ സെക്കൻററി വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകരും അവരുടെ പിരീയഡുകളിൽ അവർ പഠിപ്പിക്കുന്ന വിഷയത്തിലെ തുടർ പഠന

സാധ്യതകളെപ്പറ്റിയും തൊഴിൽ സാധ്യതകളെക്കുറിച്ചും അന്നേ ദിവസം 15 മിനിറ്റിൽ കുറയാത്ത ഒരു അവബോധ ക്ലാസ് വിദ്യാർത്ഥികൾക്ക് നൽകേണ്ടതുമാണ്. തുടർ പഠന മേഖലകളെ കുറിച്ചും പ്ലസ് ടു വിന് ശേഷമുള്ള പ്രവേശന പരീക്ഷകളെ കുറിച്ചും കൃത്യസമയത്ത് വിദ്യാർത്ഥികൾക്ക് വിവരം ലഭിക്കേണ്ടതുണ്ട് . ഇതിനായി **കരിയർ എഫ് .എം** എന്ന പേരിൽ പരമാവധി 2 മിനിറ്റുള്ള ഒരു ഓഡിയോ സന്ദേശം ആഴ്ചയിൽ 2 ദിവസം **ആഗസ്റ്റ് 1** മുതൽ ലഭ്യമാക്കുന്നതാണ്. ഇത് സ്കൂൾ അസംബ്ലിയിലോ /ക്ലാസ് റൂമിൽ സജ്ജമാക്കിയിട്ടുള്ള സ്പീക്കർ മുഖേന/ മറ്റ് മാർഗ്ഗങ്ങളിലൂടെയോ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതാണ്. ഇതിൻറെ സ്ക്രിപ്റ്റ് കരിയർ ഗൈഡുമാർക്ക് ലഭ്യമാക്കുന്നതും അത് പ്രിൻറ് ചെയ്ത് കരിയർ കോർണറിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

Signed by
Ramakrishnapilla Suresh Kumar
Date: 30-07-2024 09:37:18

ജോ. ഡയറക്ടർ(അക്കാഡമിക്)